

# ഹിജ്റ 2 റമദാൻ 17
# ചരിത്രഗതി തിരിച്ചുവിട്ട ദിവസം

കവർസ്റ്റോറി ● കെ.എം. സുലൈമാൻ

**ഏഴാം** നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ അറേബ്യയിലെ ഇസ്‌ലാമിക വ്യവസ്ഥയുടെ സംസ്ഥാപനം അത്ഭുതത്തോടെയാണ് ചരിത്രം വിവരിക്കുന്നത്. അതിനു തൊട്ടുമുമ്പത്തെ ലോകസാഹചര്യത്തിൽനിന്ന് നോക്കുമ്പോൾ, അറബികൾ ലോക നേതൃത്വത്തിലേക്ക് ഉയർന്നുവരാനുള്ള ഒരു സാധ്യതയും ഉണ്ടായിരുന്നില്ല. ചെറിയ ചെറിയ ഗോത്രങ്ങളായി ചിന്നിച്ചിതറി മരുഭൂമിയിൽ അലഞ്ഞുതിരിയുകയും പരസ്പരം കൊലയും കൊള്ളയും നടത്തി സ്വയം നശിച്ചുകൊണ്ടിരിക്കുകയുമായിരുന്നു അവർ. ഉദാത്തമായ ഇസ്‌ലാമികാദർശത്തിന്റെ അടിത്തറയിൽ അവർ സംഘടിതരായി മാറി. ഒരു ദശവർഷക്കാലം കൊണ്ട് പ്രവാചകന്റെ നേതൃത്വത്തിൽ അറേബ്യ മുഴുവനും ഇസ്‌ലാമിക വ്യവസ്ഥ സ്ഥാപിച്ചു. ഒരു ദശവർഷം കൂടി പിന്നിട്ടപ്പോൾ ഇറാൻ, ഇറാഖ്, സിറിയ, ഫലസ്തീൻ, ഈജിപ്ത് എന്നീ രാജ്യങ്ങളിലും ആ വ്യവസ്ഥ നിലവിൽവന്നു. ഇത്രയും ചെറിയകാലം കൊണ്ട് ഇസ്‌ലാം ലോകഗതി തിരിച്ചുവിട്ടതാണ് ചരിത്രകാരന്മാരെ അത്ഭുതപ്പെടുത്തുന്നത്. ഹിജ്റ രണ്ടാം വർഷം റമദാൻ പതിനേഴിന് നടന്ന ബദ്ർയുദ്ധം അതിന് സാഹചര്യമൊരുക്കിയ മുഖ്യ ചരിത്ര സംഭവങ്ങളിലൊന്നാണ്.

പ്രവാചകന്റെ ആഗമനത്തിന് മുമ്പ് മദീനയെ 'യസ്‌രിബ്' എന്നാണ് വിളിച്ചിരുന്നത്. പ്രവാചകത്വത്തിന്റെ പതിനൊന്നാം വർഷം, ഹജ്ജ് കാലത്ത് യസ്‌രിബിൽ നിന്ന് വന്ന ആറംഗ സംഘത്തെ പ്രവാചകൻ മക്കയിൽ കണ്ടുമുട്ടി. അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. ജൂതന്മാരുമായുള്ള സഹവാസം കാരണം പ്രവാചകന്മാർ, ദിവ്യവെളിപാട്, വേദഗ്രന്ഥം എന്നിവയെക്കുറിച്ചെല്ലാം കേട്ടു പരിചയിച്ചിരുന്നതോടൊപ്പം, അറേബ്യയിൽ ഒരു പ്രവാചകൻ ആഗതമാവാൻ സമയമായിട്ടുണ്ടെന്നും അവർ മനസ്സിലാക്കിയിരുന്നു. ആ പ്രവാചകനാണ് മുഹമ്മദ് നബിയെന്ന് തിരിച്ചറിഞ്ഞ അവർ അദ്ദേഹത്തിൽ വിശ്വസിച്ചു. അവരിൽ പെട്ട അസ്അദുബ്നു സുറാറയെ അവരുടെ നേതാവാക്കി പ്രവാചകൻ. ഹജ്ജ് കഴിഞ്ഞ് അവർ തിരിച്ചുപോയി. അടുത്ത വർഷം യസ്‌രിബിൽ നിന്ന് ഹജ്ജിന് വന്നവരിൽ മുമ്പ് ഇസ്‌ലാം സ്വീകരിച്ചിരുന്ന അസ്അദുബ്നു സുറാറയും അബുൽ ഹൈസമുബ്നു തിഹാനും പുറമെ പത്ത് മുസ്‌ലിംകളും കൂടി ഉണ്ടായിരുന്നു. ഹജ്ജ് കർമങ്ങളുടെ അവസാനം മിനായിൽ താമസിക്കുമ്പോൾ അഖബയിൽ വെച്ച് രാത്രി സമയത്ത് രഹസ്യമായി പ്രവാചകനുമായി സന്ധിക്കുകയും ഒന്നാം അഖബാ ഉടമ്പടിയിൽ ഒപ്പുവെക്കുകയും ചെയ്തു. ചില പെരുമാറ്റച്ചട്ടങ്ങൾ പ്രവാചകൻ അവർക്ക് നിർദേശിച്ചു. അവർ യസ്‌രിബിലേക്ക് തിരിച്ചുപോകുമ്പോൾ മുസ്അബുബ്നു ഉമൈറിനെ അവരോടൊപ്പം അവിടത്തെ പ്രവർത്തനങ്ങൾക്കായി അയക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രവർത്തനഫലമാ

യി ഒരുവർഷം കൊണ്ട് ഗണ്യമായ ഒരു വിഭാഗം യസ്‌രിബിൽ ഇസ്‌ലാം സ്വീകരിച്ചു. അടുത്ത വർഷം ഹജ്ജിന് വന്നവരിൽ യസ്‌രിബിൽനിന്ന് ഇസ്‌ലാം സ്വീകരിച്ച അവിടത്തെ 75 പ്രമുഖരും ഉണ്ടായിരുന്നു. അവർ രഹസ്യമായി മുൻ വർഷത്തെ പോലെ അഖബയിൽ പ്രവാചകനുമായി ഒത്തുകൂടി. അവിടെ വെച്ച് രണ്ടാം അഖബാ ഉടമ്പടി നടന്നു. യസ്‌രിബിന്റെ നേതൃത്വം ഏറ്റെടുത്ത് പ്രവാചകൻ അങ്ങോട്ടു പോകാൻ തീരുമാനിച്ചു.

കാര്യങ്ങളെല്ലാം പരമ രഹസ്യമായിരുന്നു. എന്നാൽ രണ്ടാം അഖബാ ഉടമ്പടി നടന്ന സൂചന ഖുറൈശി പ്രമുഖർക്ക് ലഭിക്കുകയും, യസ്‌രിബിലെ ആളുകൾ താമസിക്കുന്ന സ്ഥലത്ത് വന്ന് അതിനെ കുറിച്ച് അന്വേഷിക്കുകയും ചെയ്തു. അങ്ങനെയൊന്ന് നടന്നിട്ടില്ലായെന്ന് യസ്‌രിബിലെ മുശ്‌രിക്കുകൾ തറപ്പിച്ചു പറഞ്ഞു. ഖുറൈശികൾ തിരിച്ചുപോയി. ഹജ്ജ് കഴിഞ്ഞ് ആളുകൾ പിരിഞ്ഞു. യസ്‌രിബിലേക്ക് ഹിജ്റ ചെയ്യാൻ പ്രവാചകൻ അനുയായികളോട് നിർദേശിച്ചു. ചെറു സംഘങ്ങളായി, കഴിയുന്നതും ആരുടെയും ശ്രദ്ധയിൽ പെടാതെയായിരിക്കണം യാത്ര എന്നും ഉപദേശിച്ചു. മക്കയിൽ പലരെയും കാണാതായപ്പോൾ യസ്‌രിബിലേക്കുള്ള പലായനം ഖുറൈശികളുടെ ശ്രദ്ധയിൽ പെടുകയും തടയാൻ ശ്രമിക്കുകയും ചെയ്തു. ഉമറിനെ പോലെയുള്ളവർ പരസ്യമായി തന്നെ ഹിജ്റ ചെയ്തു. അവസാനം പ്രവാചകനും പോകുമെന്ന് ഖുറൈശികൾക്ക് ഉറപ്പായപ്പോൾ ഖുറൈശീ നേതാക്കൾ ദാറുന്നദ്‌വയിൽ ഒരു യോഗം വിളിച്ചു. എല്ലാ കുടുംബങ്ങളിൽനിന്നും ഓരോ യോദ്ധാക്കൾ ചേർന്ന് പ്രവാചകനെ വധിക്കാൻ തീരുമാനിച്ചു. തീരുമാനം യഥാസമയം പ്രവാചകൻ അറിഞ്ഞിരുന്നു. അതിനു ശേഷവും സാധാരണ പോലെ അദ്ദേഹം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ഉച്ചക്ക് അബൂബക്കർ സിദ്ദീഖിന്റെ വീട്ടിൽ എത്തി. ഹിജ്റക്കുള്ള അല്ലാഹുവിന്റെ കൽപനയെക്കുറിച്ച് അദ്ദേഹത്തെ അറിയിച്ചു.

വധിക്കാൻ നിശ്ചയിക്കപ്പെട്ട യുവാക്കൾ രാത്രി പ്രവാചകന്റെ വീടു വളഞ്ഞു. തന്റെ വിരിപ്പിൽ പുതച്ചുമൂടി കിടക്കാൻ പ്രവാചകൻ അലിയെ ഏർപാട് ചെയ്തു. രാത്രി ഏറെ കഴിഞ്ഞപ്പോൾ വീടു വളഞ്ഞിരുന്ന യുവാക്കൾ അശ്രദ്ധരായിരിക്കെ പ്രവാചകൻ വീട്ടിൽനിന്നിറങ്ങി അബൂബക്കർ സിദ്ദീഖിനെയും കൂട്ടി സൗർ ഗുഹയിലേക്ക് പോയി. അദ്ദേഹം കടന്നുകളഞ്ഞത് വീടു വളഞ്ഞ യുവാക്കൾ അറിഞ്ഞത് പ്രഭാതത്തിലാണ്. വിവരം അറിഞ്ഞ ഖുറൈശി പ്രമാണിമാർ പ്രവാചകനെ തെരഞ്ഞുപിടിക്കാൻ ആഹ്വാനം ചെയ്തു. ജീവനോടെയോ അല്ലാതെയോ പ്രവാചകനെ കൊണ്ടുവരുന്നവർക്ക് നൂറ് ഒട്ടകം ഇനാം പ്രഖ്യാപിച്ചു. രണ്ടു നാളത്തെ തെരച്ചിലിൽ ഒരു വിവരവും ലഭിച്ചില്ല. മൂന്നാം ദിവസം പ്രഭാതത്തിനു മുമ്പായി സൗർ ഗുഹയിൽനിന്ന് സാധാരണ വഴി വിട്ട് മറ്റൊരു വഴിയിലൂടെ നബിയും അബൂബക്കർ സിദ്ദീഖും യസ്‌രിബിൽ എത്തിച്ചേർന്നു. അവിടത്തെ ആബാലവൃന്ദം ജനങ്ങൾ ചേർന്ന് അവരെ സ്വീകരിച്ചു. സഞ്ചരിച്ചിരുന്ന ഒട്ടകത്തിന്റെ കടിഞ്ഞാൺ അഴിച്ചുവിട്ടുകൊണ്ട്, അത് മുട്ടുകുത്തുന്ന സ്ഥലത്ത് ഇറങ്ങാൻ പ്രവാചകൻ തീരുമാനിച്ചിരുന്നു. മസ്ജിദുന്നബവി നിൽക്കുന്ന സ്ഥലത്താണ് ഒട്ടകം മുട്ടുകുത്തിയത്. ആ സ്ഥലം വിലയ്ക്കു വാങ്ങി അവിടെ മസ്ജിദുന്നബവി ഉണ്ടാക്കി. പിന്നീട് 47 ഖണ്ഡികകൾ ഉള്ള വ്യവസ്ഥ എഴുതിയുണ്ടാക്കി. യസ്‌രിബുകാർ അതംഗീകരിക്കുകയും ചെയ്തു.

**ഒരു ദശവർഷക്കാലം കൊണ്ട് പ്രവാചകന്റെ നേതൃത്വത്തിൽ അറേബ്യ മുഴുവനും ഇസ്‌ലാമിക വ്യവസ്ഥ സ്ഥാപിച്ചു. ഒരു ദശവർഷം കൂടി പിന്നിട്ടപ്പോൾ ഇറാൻ, ഇറാഖ്, സിറിയ, ഫലസ്ത്വീൻ, ഈജിപ്ത് എന്നീ രാജ്യങ്ങളിലും ആ വ്യവസ്ഥ നിലവിൽവന്നു. ഇത്രയും ചെറിയ കാലം കൊണ്ട് ഇസ്‌ലാം ലോകഗതി തിരിച്ചുവിട്ടതാണ് ചരിത്രകാരന്മാരെ അത്ഭുതപ്പെടുത്തുന്നത്. ഹിജ്റ രണ്ടാം വർഷം റമദാൻ പതിനേഴിന് നടന്ന ബദ്ർയുദ്ധം അതിന് സാഹചര്യമൊരുക്കിയ മുഖ്യ ചരിത്ര സംഭവങ്ങളിലൊന്നാണ്.**

ഖുറൈശി നേതാക്കൾ യസ്‌രിബിലെ പ്രമുഖനായ അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂലിന് ഒരു കത്തയച്ചു. “നിങ്ങൾ ഞങ്ങളുടെ ആൾക്ക് നിങ്ങളുടെ നാട്ടിൽ അഭയം നൽകിയിരിക്കുന്നു. നിങ്ങൾ അയാളെ എതിർക്കുകയോ പുറത്താക്കുകയോ വേണമെന്ന് ഞങ്ങൾ ദൈവത്തിൽ സത്യം ചെയ്തു പറയുന്നു. അല്ലാത്തപക്ഷം ഞങ്ങൾ ഒറ്റക്കെട്ടായി നിങ്ങളെ ആക്രമിക്കും. നിങ്ങളിലെ പുരുഷന്മാരെ വധിക്കുകയും സ്ത്രീകളെ അടിമകളാക്കുകയും ചെയ്യും.” കത്ത് കിട്ടിയപ്പോൾ അബ്ദുല്ല ചില ഒച്ചപ്പാടുകൾ ഉണ്ടാക്കി. എന്നാൽ അതേറ്റുപിടിക്കാൻ ആളില്ലായിരുന്നു. യസ്‌രിബിലെ ഈ പുതിയ വ്യവസ്ഥയെ ഞങ്ങൾ അംഗീകരിക്കുകയില്ലെന്നും അതിനെ നശിപ്പിക്കാൻ ഞങ്ങൾ യുദ്ധം ചെയ്യുമെന്നുമായിരുന്നു കത്തിന്റെ ധ്വനി. ഖുറൈശികൾക്ക് ഇത് പെട്ടെന്ന് പ്രാവർത്തികമാക്കാൻ കഴിയുമായിരുന്നില്ല. ഫിജാർ യുദ്ധം കഴിഞ്ഞ് ഏതാനും വർഷങ്ങളേ ആവുന്നുള്ളൂ. ആ യുദ്ധത്തിലെ ഖുറൈശികളുടെ ശത്രുക്കൾ പരിസരത്ത് തന്നെയുണ്ട്. ഖുറൈശികളെ ആക്രമിക്കാൻ അവർ സന്ദർഭം കാത്തിരിക്കുകയാണ്. അതിനാൽ യസ്‌രിബിലേക്ക് സേനയെ അയക്കാൻ ഖുറൈശികൾക്ക് പ്രയാസമുണ്ടായിരുന്നു. ഈ അവസരം യസ്‌രിബിലെ ആഭ്യന്തര കാര്യങ്ങൾ ശരിപ്പെടുത്തുന്നതിനു വേണ്ടി പ്രവാചകൻ ഉപയോഗപ്പെടുത്തി. നബിയുടെ നഗരം എന്ന അർഥത്തിൽ യസ്‌രിബ് ‘മദീന’യായി.

മക്കയിൽ പ്രധാനമായും കച്ചവടം നടക്കുന്ന സിറിയയിലേക്കുള്ള കച്ചവടപാത മദീനയുടെ അധികാര പരിധിയിലുള്ള സ്ഥലത്തു കൂടെയാണ് കടന്നുപോകുന്നത്. നേരത്തേ യസ്‌രിബിന്റെ അനുവാദത്തോടെയായിരുന്നു അവരുടെ യാത്ര. പുതിയ ഭരണകൂടം വന്നതോടുകൂടി ഔപചാരികമായി സമ്മതം ചോദിക്കാനൊന്നും അവർ മുതിർന്നില്ല. മദീനക്കാരുടെ കാലികളെ അവർ കൊള്ളയടിച്ചുകൊണ്ടുപോയി. കഅ്ബയിലേക്കുള്ള മദീനക്കാരുടെ തീർഥാടനം വിലക്കുകയും ചെയ്തു. ഇതെല്ലാം കാണാതിരിക്കുന്നത് മദീനയുടെ ദൗർബല്യമായി കണക്കാക്കി, പരിസര ഗോത്രക്കാർ മേക്കിട്ട് കേറാൻ ഇടയാക്കുമെന്ന് കണ്ട പ്രവാചകനും ചില നടപടികൾ സ്വീകരിച്ചു. മദീനയുടെ പരമാധികാരം പ്രകടമാവുന്ന വിധത്തിൽ ചില സംഘങ്ങളെ തങ്ങളുടെ പ്രദേശത്ത് ചുറ്റിക്കറങ്ങിവരാൻ നിശ്ചയിച്ചു. ആദ്യ സംഘം ഹിജ്റ ഒന്നാം വർഷം റമദാനിൽ ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബിന്റെ നേതൃത്വത്തിൽ പോയി. ഇത്തരം സംഘങ്ങളെ ‘സരിയ്യത്തു’കൾ എന്നാണ് വിളിക്കുന്നത്. ചില സംഘങ്ങൾക്ക് പ്രവാചകൻ നേതൃത്വം കൊടുത്തു. ഇവ ‘ഗസ്‌വ’ എന്ന പേരിൽ അറിയപ്പെടുന്നു. ബദ്ർ യുദ്ധത്തിനു മുമ്പ് ഇത്തരം നാല് വീതം സംഘങ്ങളാണ് പോയത്. അവസാന സംഘം അബ്ദുല്ലാഹിബ്നു ജഹ്ശിന്റെ നേതൃത്വത്തിൽ നഖ്‌ലയിലേക്ക് അയക്കപ്പെട്ടു. അംറുബ്നു ഹള്റമിയുടെ നേതൃത്വത്തിലുള്ള ഒരു ചെറു സംഘവുമായി അവർ ഏറ്റുമുട്ടി. ഹള്റമി

കൊല്ലപ്പെടുകയും, രണ്ടു പേരെ ബന്ധനസ്ഥരാക്കുകയും ചെയ്തു. ഏറ്റുമുട്ടലിൽ ലഭിച്ച സമ്പത്തുമായി അവർ മദീനയിലേക്ക് മടങ്ങി. പ്രവാചകൻ ബന്ദികളെയോ യുദ്ധ മുതലുകളോ അവരിൽനിന്ന് സ്വീകരിച്ചില്ല. യുദ്ധത്തിന് അനുവാദം നൽകിയിരുന്നില്ല എന്നദ്ദേഹം പറഞ്ഞു. ഈ സംഘങ്ങളെ നിയോഗിച്ചത് സംഘർഷങ്ങൾ ഉണ്ടാവാൻ വേണ്ടായിരുന്നില്ല എന്ന് ഇതിൽനിന്ന് വ്യക്തമാവുന്നു. അബ്ദുല്ലാഹിബ്നു ജഹ്ശിന്റെ പ്രവർത്തനം അവിവേകമാണെന്ന് മുസ്‌ലിം പക്ഷത്തുള്ള ചിലരും കരുതി. ആ സന്ദർഭത്തിൽ അല്ലാഹുവിങ്കൽനിന്ന് ദിവ്യബോധനമുണ്ടായി.

"യുദ്ധം നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു, അത് നിങ്ങൾക്ക് അനിഷ്ടകരമായിരിക്കെ. എന്നാൽ ഗുണകരമായ കാര്യം നിങ്ങൾക്ക് അനിഷ്ടകരമായിരിക്കാം. അല്ലാഹു അറിയുന്നു, നിങ്ങൾ അറിയുന്നില്ല. ആദരണീയ മാസത്തിൽ യുദ്ധം ചെയ്യുന്നതു സംബന്ധിച്ച് അവർ നിന്നോട് ചോദിക്കുന്നു. പറയുക! അതിലെ യുദ്ധം അതീവ ഗുരുതരം തന്നെ. എന്നാൽ ദൈവമാർഗത്തിൽനിന്ന് ജനങ്ങളെ വിലക്കുക, അല്ലാഹുവിനെ നിഷേധിക്കുക, മസ്ജിദുൽ ഹറാമിൽ വിലക്കേർപ്പെടുത്തുക, അതിന്റെ അവകാശികളെ അവിടെനിന്ന് പുറത്താക്കുക ഇതെല്ലാം അല്ലാഹുവിങ്കൽ അതിലും കൂടുതൽ ഗൗരവമുള്ളതാണ്. ഫിത്ന കൊലയേക്കാൾ ഗുരുതരമാണ്. അവർക്ക് കഴിയുമെങ്കിൽ നിങ്ങളുടെ ദീനിൽനിന്ന് പിന്തിരിപ്പിക്കും വരെ അവർ നിങ്ങളോട് യുദ്ധം ചെയ്തു കൊണ്ടിരിക്കും" (ഖുർആൻ 2:216,217).

ഈ വെളിപാടിന്റെ അടിസ്ഥാനത്തിൽ അബ്ദുല്ലാഹിബ്നു ജഹ്ശിൽനിന്ന് യുദ്ധമുതലും ബന്ദികളെയും പ്രവാചകൻ സ്വീകരിച്ചു. കഴിഞ്ഞ 15 വർഷമായി സ്വീകരിച്ചുവന്നിരുന്ന നയനിലപാടുകളിലെ സുപ്രധാന മാറ്റമായിരുന്നു അത്. അക്കാലത്ത് അറബികൾ പൊതുവെ യുദ്ധപ്രേമികളാണ്. ഓരോ പുരുഷന്നും ഉടവാൾ ഉണ്ടായിരിക്കും. ഇസ്‌ലാമിലേക്ക് വന്നവർക്ക് അത് ഉപയോഗിക്കാനുള്ള അനുവാദമുണ്ടായിരുന്നില്ല. ദീർഘകാലത്തെ നിരോധം കൊണ്ടായിരിക്കാം അവരിൽ ചിലർക്ക് യുദ്ധത്തിന് താൽപര്യമുണ്ടായിരുന്നില്ല. യുദ്ധത്തിന് അനുവാദം നൽകിക്കൊണ്ട് അല്ലാഹു ആ കാര്യം ചൂണ്ടിക്കാട്ടിയിരുന്നു. ഇസ്‌ലാം സമാധാനത്തിന്റെ മാർഗമാണ്. യുദ്ധം ഇഷ്ടപ്പെടുന്നില്ല. എന്നാൽ ഈ വ്യവസ്ഥയെ പരാജയപ്പെടുത്താൻ സ്ഥാപിത താൽപര്യക്കാർ യുദ്ധം ചെയ്തുകൊണ്ടേയിരിക്കും. അതിനാൽ അത് ചെറുക്കാൻ യുദ്ധസന്നദ്ധരാവുക എന്ന ആഹ്വാനം കൂടിയാണ് പ്രസ്തുത സൂക്തം. ആസന്നഭാവിയിൽ യുദ്ധം നിങ്ങളെ തേടിയെത്തും എന്ന മുന്നറിയിപ്പും ഇതിൽ കാണാം.

ഈ സൂക്തം അവതരിച്ച് ഏതാനും ദിവസം കഴിഞ്ഞപ്പോഴേക്കും ഒരു വലിയ കച്ചവടസംഘം മക്കയിൽനിന്ന് അബൂസുഫ്യാന്റെ നേതൃത്വത്തിൽ സിറിയയിലേക്ക് പുറപ്പെട്ടിട്ടുണ്ട് എന്ന വിവരം പ്രവാചകന് ലഭിച്ചു. അനുവാദം ആരായാതെ ധിക്കാരപരമായി മദീനയുടെ പരമാധികാരത്തെ വെല്ലുവിളിച്ചുകൊണ്ട് അതിന്റെ മണ്ണിലൂടെയുള്ള ഈ യാത്ര ഇനിയും അനുവദിച്ചുകൂടെന്ന് തീരുമാനിച്ചു. അത് തടയാനുള്ള ഒരുക്കങ്ങൾ നടത്തവേ അത് കടന്നുപോയി കഴിഞ്ഞിരുന്നു. തിരിച്ചുവരുമ്പോൾ നോക്കാം എന്നായി. ഈ വിവരം സിറിയയിലുള്ള അബൂസുഫ്യാൻ അറിഞ്ഞു. അയാൾ ഒരു ദൂതനെ മക്കയിലേക്ക് അയച്ച് മക്കക്കാരെ ഈ വിവരം അറിയിച്ചു. ഖുറൈശികളിലെ യുദ്ധപ്രഭുക്കൾക്ക് ലഭിച്ച ഏറ്റവും നല്ല സന്ദർഭമായിരുന്നു അത്. അനുരഞ്ജനത്തെക്കുറിച്ച് ചിന്തിക്കാൻ പോലും അവർ ആരെയും സമ്മതിച്ചിരുന്നില്ല. മക്കക്കാരെ യുദ്ധസജ്ജരാക്കി ആയിരത്തോളം വരുന്ന ആളുകളുമായി അവർ മദീനയിലേക്ക് പുറപ്പെട്ടു. പ്രവാചകന് ആ വിവരം ലഭിച്ചു. തെക്കുനിന്ന് ഖുറൈശി പടയും വടക്കുനിന്ന് കച്ചവടസംഘവും മദീനയുടെ മണ്ണിൽ അധിനിവേശം നടത്താൻ വരികയാണ്. പ്രവാചകൻ അല്ലാഹുവിനോട് സഹായം അർഥിച്ചു. രണ്ടിൽ ഒരു സംഘത്തെ അധീനപ്പെടുത്തിത്തരാമെന്ന് അല്ലാഹു പ്രവാചകനെ അറിയിച്ചു. പ്രവാചകന്റെ നേതൃത്വത്തിൽ മുന്നൂറിൽ പരം പേരടങ്ങുന്ന സത്യവിശ്വാസികളുടെ ഒരു സംഘം മദീനയിൽനിന്ന് പുറപ്പെട്ടു. കച്ചവടസംഘം ബദ്റിൽ കൂടിയുള്ള യാത്രാപഥം ഉപേക്ഷിച്ച് മറ്റൊരു വഴിയിൽ കൂടി കടന്നുപോയി. ഖുറൈശി പടയിലെ നേതാക്കൾ ഇതറിഞ്ഞു. അവരിൽ ചിലർ തിരിച്ചുപോകാൻ ആവശ്യപ്പെട്ടുവെങ്കിലും യുദ്ധപ്രഭുക്കൾ അത് സമ്മതിച്ചില്ല. ബദ്റിൽ ചെന്ന് മൂന്നു ദിവസം അവിടെ തിന്നുകയും കുടിക്കുകയും ഉല്ലസിക്കുകയും ചെയ്ത ശേഷമേ മടങ്ങുകയുള്ളൂ എന്നവർ തറപ്പിച്ചു പറഞ്ഞു. പ്രവാചകനും അനുയായികളും ബദ്റിൽ എത്തിയിരുന്നു.

പിറ്റേ ദിവസം ഖുറൈശി സൈന്യവും എത്തി. ഹിജ്റ രണ്ടാം വർഷം റമദാൻ 17-ന് രണ്ട് സംഘങ്ങളും ഏറ്റുമുട്ടി. പ്രവാചകനും അനുയായികളും തങ്ങളെക്കാൾ മൂന്നിരട്ടി സംഘബലവും സജ്ജീകരണങ്ങളുമുള്ള ഖുറൈശി സേനയെ പരാജയപ്പെടുത്തി. അവരിലെ പ്രമുഖർ വധിക്കപ്പെട്ടു. ഖുർആൻ ഇത് പ്രതിപാദിച്ചത് നോക്കുക: "രണ്ടു സംഘങ്ങളിൽ ഒന്നിനെ നിങ്ങൾക്ക് കീഴ്പ്പെടുത്തിതരാമെന്ന് അല്ലാഹു നിങ്ങളോട് വാഗ്ദത്തം ചെയ്ത സന്ദർഭം. ആയുധമില്ലാത്ത സംഘത്തെ നിങ്ങൾക്ക് കിട്ടണമെന്നായിരുന്നു നിങ്ങളാഗ്രഹിച്ചത്. എന്നാൽ അല്ലാഹു ഉദ്ദേശിച്ചത് തന്റെ കൽപനവഴി സത്യത്തെ സത്യമായി സ്ഥാപിക്കാനും സത്യനിഷേധികളുടെ മുരട് മുറിച്ചുകളയാനുമാണ്" (8:7).

അറേബ്യൻ ജാഹിലിയ്യത്തിന് ശക്തമായ നേതൃത്വം നൽകിയിരുന്ന പ്രബല നേതാക്കൾ ബദ്റിൽ കൊല്ലപ്പെട്ടു. ഗോത്ര സ്വേഛാധിപത്യത്തിലൂടെ പോയിക്കൊണ്ടിരുന്ന അറേബ്യ ഇസ്‌ലാമിന്റെ നീതിയിലേക്കും സ്വാതന്ത്ര്യത്തിലേക്കും കടന്നുവരികയായിരുന്നു. നീതിയുടെ സംസ്ഥാപനം പ്രവാചക ദൗത്യത്തിന്റെ ഭാഗമെന്നും ഖുർആൻ പ്രഖ്യാപിക്കുകയുണ്ടായി.

"നിശ്ചയമായും നാം നമ്മുടെ ദൂതന്മാരെ തെളിഞ്ഞ തെളിവുകളുമായി നിയോഗിച്ചിരിക്കുന്നു. അവരോടൊപ്പം വേദവും തുലാസും അവതരിപ്പിച്ചിരിക്കുന്നു; മനുഷ്യൻ നീതി നിലനിർത്താൻ. നാം ഇരുമ്പും ഇറക്കിക്കൊടുത്തിരിക്കുന്നു. അതിൽ ഏറെ ആയോധനശക്തിയും ജനങ്ങൾക്കുപകാരവുമുണ്ട്. അല്ലാഹുവെ നേരിൽ കാണാതെ തന്നെ അവനെയും അവന്റെ ദൂതന്മാരെയും സഹായിക്കുന്നവരാരെന്ന് കണ്ടറിയേണ്ടതിന്നാണിത്. അല്ലാഹു കരുത്തുറ്റവനും അജയ്യനും തന്നെ, തീർച്ച" (ഖുർആൻ 57:25).

നീതിയില്ലാത്ത ലോകത്ത് നീതി സ്ഥാപിക്കാനാണ് വേദവും നീതിന്യായ മാനദണ്ഡങ്ങളും അല്ലാഹു അവതരിപ്പിച്ചത്. അതിനായി തെളിഞ്ഞ തെളിവുകളുമായി പ്രവാചകന്മാരെയും നിയോഗിച്ചു. ഇതെല്ലാം അല്ലാഹുവെയും അവന്റെ ദൂതനെയും സഹായിക്കുന്നവരാരെന്ന് കണ്ടറിയേണ്ടതിനാണെന്ന് ഖുർആൻ വ്യക്തമാക്കുകയും ചെയ്തു. ഈ കാര്യം പ്രവർത്തിച്ചു കാണിച്ചുകൊടുക്കുകയാണ് പ്രവാചകൻ ചെയ്തത്. ആധുനിക

ചരിത്രകാരന്മാരും അത് വ്യക്തമാക്കുന്നത് നോക്കുക:

"സമാധാനപ്രിയരുടേതായിരുന്നു ഈ സമൂഹം എന്ന് തീർച്ചയായും പറയുക വയ്യ. എന്നാൽ സമര ഭ്രാന്തിന്റെ കൊടുങ്കാറ്റടിയിൽ ഇടക്കിടക്ക് ദൈവികമായ യുദ്ധവിരാമങ്ങളും ഉണ്ടായിരുന്നു എന്നു പറയാം. മൃഗീയതയുടെ തെറ്റു തിരുത്തുന്ന ഒന്നായി പ്രതികാരത്തെ അംഗീകരിച്ചിട്ടുള്ള ഒരു പെരുമാറ്റചട്ട സംഹിതയനുസരിച്ച് ഇവർ സ്വേഛാചാരികളായി ജീവിച്ചുപോന്നു. കൃതജ്ഞതയും പരസ്പര സഹായ സന്നദ്ധതയും ബദ്ധൂയിനുകൾക്ക് ഉണ്ടായിരുന്നുവെന്നതിനും ചില തെളിവുകളുണ്ട്. അനുഷ്ഠാനാഘോഷങ്ങളിലും ആഡംബര പ്രകടനങ്ങളിലും ഇവർക്ക് ഭ്രമം തന്നെയുണ്ടായിരുന്നു. ഇത് ഈ സമൂഹത്തിന്റെ സവിശേഷ വ്യക്തിത്വത്തെയാണ് വെളിവാക്കുന്നത്. കൊള്ളയും കവർച്ചയും ദൈവികനീതിയായിരുന്നു. കൊലക്ക് കൊല എന്ന മട്ടിൽ പകവീട്ടുക സ്വാഭാവികമായിരുന്നു. അരാജകത്വം സ്ഥിരമായി നടമാടിയിരുന്ന ഈ നാടോടി വർഗങ്ങളുടെ ശോചനീയമായ നില അവസാനിപ്പിക്കാൻ മുഹമ്മദ് ചില ശ്രമങ്ങൾ നടത്തി. മതദർശനങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഏതാണ്ട് ബീജരൂപത്തിൽ അദ്ദേഹം രൂപം നൽകിയ നീതിന്യായ സംഹിത പ്രാവർത്തികമാക്കാൻ അതിശക്തരായ പ്രമാണിമാരെ കൊണ്ട് മാത്രമേ സാധിച്ചിരുന്നുള്ളൂ. ഇതോടു കൂടി ഈ വർഗത്തിനുണ്ടായിരുന്ന പ്രതികാര വാഞ്ഛക്ക് അവസാനം കണ്ടു. അതിനു പകരം സഖ്യത്തിന്റേതായ ഒരു നീതി മുഹമ്മദ് നടപ്പിൽ വരുത്തി. വ്യക്തിപരമായ പകപോക്കലിന്റെ സ്ഥാനത്ത് മതം പ്രതിഷ്ഠിതമായി. വിദഗ്ധന്മാർ നടത്തിവന്നിരുന്ന മധ്യസ്ഥതക്ക് പകരം സമൂഹത്തിന്റെ പേരിലുള്ള നീതിനിർവഹണ വ്യവസ്ഥയും നിലവിൽവന്നു" (*മാനവചരിത്രം*, വാള്യം 3, പേജ് 165).* ■

* *മാനവചരിത്രം* എന്ന ഗ്രന്ഥം 1962ൽ യുനെസ്കോ പ്രസിദ്ധീകരിച്ചതാണ്. ലോകത്തിന്റെ വിവിധ രാജ്യങ്ങളിലുള്ള ചരിത്രകാരന്മാരും ശാസ്ത്രജ്ഞരുമടങ്ങിയ ഒരു അന്താരാഷ്ട്ര കമീഷന്റെ കീഴിലാണ് ഇതിന്റെ പ്രസിദ്ധീകരണം.